LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ 338 ചില്ലറ വിൽപ്പനശാലകളും കൺസ്യൂമർ ഫെഡിന്റെ കീഴിൽ 46 ചില്ലറ വിൽപ്പനശാലകളും ഉണ്ടായിരുന്നു. നിലവിൽ ബിവറേജസ് കോർപ്പറേഷന് 270-ഉം കൺസ്യൂമർ ഫെഡിന് 36-ഉം ചില്ലറ വിൽപ്പനശാലകളുണ്ട്.

(ബി) സർക്കാർ നയം അനുസരിച്ച് വർഷംതോറും 10 ശതമാനം ചില്ലറ വിൽപ്പനശാലകൾ അടച്ചുപൂട്ടേണ്ടതാണ്. ഇതിനോടകം 20 ശതമാനം ഷോപ്പുകൾ അടച്ചുപൂട്ടി. 2014 ഒക്ടോബർ 2-ന് 39 എണ്ണം പൂട്ടി. 2016 ഒക്ടോബർ 2-ന് 39 ഷോപ്പുകൾ അടച്ചുപൂട്ടേണ്ടതായിട്ടുണ്ട്. 2016-ന് ഏതൊക്കെ ഷോപ്പുകളാണ് അടച്ചുപൂട്ടേണ്ടതെന്ന തീരുമാനം എടുത്തിട്ടില്ല.

(സി) ദേശീയ സംസ്ഥാന പാതയോരത്ത് കെ.എസ്.ബി.സി.-യുടെ 115 എഫ്.എൽ 1 ഷോപ്പുകൾ സ്ഥിതി ചെയ്തിരുന്നു. ഇവയിൽ 21 ഷോപ്പുകൾ ദേശീയ സംസ്ഥാന പാതയോരത്തുനിന്നും മാറ്റി സ്ഥാപിക്കുകയോ പൂട്ടുകയോ ചെയ്തിട്ടുണ്ട്. കൂടാതെ കൺസ്യൂമർഫെഡിന്റെ 5 എഫ്.എൽ.1 ഷോപ്പുകൾ ദേശീയ പാതയോരത്ത് പ്രവർത്തിക്കുന്നുണ്ട്. ദേശീയ പാതയോരത്ത് പ്രവർത്തിക്കുന്നവ നിർത്തലാക്കുന്നതിന്റെ ഭാഗമായി ബാലുശ്ശേരി എഫ്.എൽ.1 ഷോപ്പ് നിർത്തലാക്കിയിട്ടുണ്ട്.

(ഡി) കെ.എസ്.ബി.സി. പാലക്കാട് ജില്ലയിൽ മേനോൻപാറ എന്ന സ്ഥലത്ത് 2015 സെപ്റ്റംബർ 25-ന് പുതിയ വെയർഹൗസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഇ) ബിവറേജസ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ് എന്നിവയുടെ ഷോപ്പുകൾ അടച്ചുപൂട്ടിയതുവഴി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം സംഭവിച്ചിട്ടില്ല. പൂട്ടിയ ഷോപ്പുകളിലെ ജീവനക്കാരെ, ജീവനക്കാർ കുറവുള്ള മറ്റ് ഷോപ്പുകളിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുണ്ട്. ബാറുകൾ പൂട്ടിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

വ്യാജമദ്യ നിർമ്മാണം

167 (175) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീടുകൾക്കകത്തും പുറത്തുമായി രഹസ്യമായി ചാരായം വാറ്റുന്നതിനിടയിൽ എക്സൈസ് ഉദ്യോഗസ്ഥർ പിടികൂടിയ എത്ര കേസുകൾ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഓരോ വർഷവും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) വ്യാജമദ്യ നിർമ്മാണവും വിതരണവും സ്പിരിറ്റ് കടത്തും ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മദ്യക്കടത്തും തുടങ്ങിയ കുറ്റത്തിന് എക്സൈസ് അധികാരികൾ എടുത്ത കേസുകളുടെ എണ്ണം കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും എത്രയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വീടുകൾക്കകത്തും പുറത്തുമായി രഹസ്യമായി ചാരായം വാറ്റുന്നതിനിടയിൽ എക്സൈസ് ഉദ്യോഗസ്ഥർ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ പിടികൂടിയ കേസുകളുടെ വർഷംതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

2011	-	395
2012	-	423
2013	-	271
2014	-	283
2015	-	296 (ഒക്ടോബർ 31 വരെ)

(ബി) വ്യാജമദ്യ നിർമ്മാണവും വിതരണവും സ്പിരിറ്റ് കടത്തും ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മദ്യക്കടത്തും തുടങ്ങിയ കുറ്റത്തിന് എക്സൈസ് അധികാരികൾ എടുത്ത കേസുകളുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

2011	-	775
2012	-	761
2013	-	585
2014	-	648
2015	-	1085 (ഒക്ടോബർ 31 വരെ)

സ്റ്റേറ്റ് എക്സൈസിന്റെ വരുമാനം

168 (176) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 സാമ്പത്തിക വർഷത്തിൽ ഓരോ മാസവും സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള വരുമാനം ഏതെല്ലാം ഇനത്തിൽ എത്ര വീതമായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly